**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1280** **19-06-2024 - ൽ മറുപടിയ്ക്ക്**

**മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡ് നിർമ്മാണത്തിനു ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | മാനാഞ്ചിറ - വെള്ളിമാട്കുന്ന് റോഡ് നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. മാനാഞ്ചിറ - വെള്ളിമാട്കുന്ന് റോഡ്, കോഴിക്കോട് നഗര പാത വികസന പദ്ധതി - ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂമി ഏറ്റെടുക്കലിന് തടസ്സം നേരിട്ടതിനാൽ കോഴിക്കോട് നഗര പാത വികസന പദ്ധതി - ഘട്ടം I (ബി) ആയി മാറ്റി പദ്ധതിയുടെ വിശദമായ രൂപരേഖ പുനർമൂല്യ നിർണ്ണയം നടത്തി ഡിസൈൻ വിഭാഗം, പൊതുമരാമത്ത് വകുപ്പ് 8.392 കി.മീ. റോഡിന് 131.21 കോടി രൂപയുടെ രൂപരേഖ ലഭ്യമാക്കി. ഇതിന് GO(Rt) No. 367/2024/PWD dated 15.03.2024 പ്രകാരം 137.44 കോടി രൂപയ്ക്ക് ഭരണാനുമതി നല്കി. പദ്ധതി പ്രകാരം റോഡ് 24.0 മീറ്റർ (മീഡിയൻ - 2. 0 മീറ്റർ, ക്യാരേജ് വേ - 7.0 മീറ്റർ, പേവ്ഡ് ഷോൾഡർ - 1.50 മീറ്റർ ഇരുവശങ്ങളിൽ, ഓടയും ഡക്ടും - 2.0 മീറ്റർ ഇരുവശങ്ങളിൽ, എർത്തേൺ ഷോൾഡർ - 0.5 ഇരുവശങ്ങളിൽ) വീതിയിലാണ് വികസിപ്പിക്കുന്നത്. ഇതിൽ 370 മീറ്റർ നീളം വരുന്ന എരഞ്ഞിപാലം മേൽപാലവും ഉൾപ്പെടുന്നു. |
| (ബി) | മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡുവികസനവുമായി ബന്ധപ്പെട്ട് സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, വാട്ടർ ടാങ്കുകൾ എന്നിവ പൊളിച്ചു മാറ്റാൻ ശേഷിക്കുന്നുണ്ടോ; | (ബി) | മാനാഞ്ചിറയിലെ ഡി.ഇ.ഒ. ഓഫീസ്, എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ സമ്പ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ സമ്പ് എന്നിവ പൊളിച്ചു മാറ്റുവാനുണ്ട്. |
| (സി) | എങ്കിൽ അവ പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 1. മാനാഞ്ചിറയിലെ ഡി.ഇ.ഒ. ഓഫീസ് കൈമാറുന്നതിനായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടക്കാവ് കൊട്ടാരം റോഡിൽ ടി.ടി.ഐ കോംപ്ലക്സിൽ ജില്ലാ നിർമ്മിതി കേന്ദ്രം കെട്ടിട പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പുതിയ കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക് പഴയ കെട്ടിടം പൊളിച്ചു നീക്കുവാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | **2.** എൻ.ജി.ഒ ക്വാർട്ടേഴ്സിലെ സമ്പ് - ഇതുപയോഗിച്ച് വരുന്നത് എ.ആർ. ക്യാമ്പിലേക്കാണ്. പുതിയ സമ്പ് നിർമ്മിക്കുവാൻ ചേവായൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇതിന് 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരുന്നു.<br><br>**3.** സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ സമ്പ് - പുതിയ സമ്പിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അതിനാൽ പഴയ സമ്പ് റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൊളിച്ച് നീക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ